ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശസ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
TeleFAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

ഭരണഭാഷ - മാതൃഭാഷ

നം: ഡിബി2/6748/2012/സിഇ/തസ്വഭവ. തീയതി: 11.12.2013

പ്രേഷിതൻ

ചീഫ് എൻജിനീയർ

സ്വീകർത്താവ്

സൂപ്രണ്ടിംഗ് എഞ്ചിനീയർ (ഉത്തര, ദക്ഷിണ മേഖല/കോർപ്പറേഷനുകൾ)
എക്സിക്യൂട്ടീവ് എഞ്ചിനീയർ,
ജില്ലാ പഞ്ചായത്ത് കാര്യാലയം,
തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം,
പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്,
മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്.

സർ,

വിഷയം:- തസ്വഭവ - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തിരജിസ്റ്ററുകൾ ഡിജിറ്റൽ രൂപത്തിൽ പൂർണ്ണവും കുറ്റമറ്റതും ആക്കുന്നത് - സംബന്ധിച്ച്

സൂചന:- 25.10.2013 ലെ ഇതേ നമ്പർ കത്തും സർക്കുലറും

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ ഡിജിറ്റൽ ആസ്തി രജിസ്റ്ററുകളാക്കി സചിത്ര ഡാറ്റാബേസ് ഇ മെയിലായി ഇൻഫർമേഷൻ കേരളാമിഷന് അയച്ചുകൊടുക്കേണ്ടതും ആ വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്ന് സൂചന പ്രകാരം ഉത്തരവിട്ടിരുന്നു. എന്നാൽ കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റികളിലേയും ആസ്തികൾ അപ്ഡേറ്റ് ചെയ്ത വിവരം യഥാക്രമം കോർപ്പറേഷൻ എഞ്ചിനീയർമാരോ മേഖലാതല സൂപ്രണ്ടിംഗ് എഞ്ചിനീയർമാരോ നാളിതു വരെ റിപ്പോർട്ട് ചെയ്തിട്ടില്ല. ഇൻഫർമേഷൻ കേരളാ മിഷന്റെ 26.11.2013 ലെ റിപ്പോർട്ട് പ്രകാരം ത്രിതല പഞ്ചായത്തുകളിലെ ആസ്തികൾ അപ്ഡേറ്റ് ചെയ്ത വിവരം താഴെ പറയും പ്രകാരമാണ്.

| Thiruvananthapuram | Kollam | Pathanamthitta | Alappuzha |
|---|---|---|---|
| DP-1 | BP-9 | BP-7 | BP-9 |
| BP-7 | MP-1 | MP-2 | MP-3 |
| MP-2 | GP-27 | GP-43 | GP-68 |
| GP-26 | | | |

| Kottayam | Idukki | Ernakulam | Thrissur |
|---|---|---|---|
| BP-7 | BP-7 | BP-12 | BP-14 |
| MP-1 | MP-1 | MP-5 | MP-6 |
| GP-20 | GP-46 | GP-40 | GP-40 |

| Palakkad | Malappuram | Kozhikode | Wayanad |
|---|---|---|---|
| BP-9 | DP-1 | BP-12 | MP-1 |
| MP-4 | BP-14 | MP-2 | GP-3 |
| GP-54 | MP-3 | GP-10 | |
| | GP-88 | | |

| Kannur | Kasaragod |
|---|---|
| BP-8 | BP-2 |
| MP-6 | MP-2 |
| GP-44 | GP-18 |

DP - ജില്ലാപഞ്ചായത്ത്
BP - ബ്ലോക്ക് പഞ്ചായത്ത്
MP - മുനിസിപ്പാലിറ്റി
GP - ഗ്രാമപഞ്ചായത്ത്

ടി പട്ടിക പ്രകാരം പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നാളിതുവരെ ആസ്തികൾ അപ്ഡേറ്റ് ചെയ്തിട്ടില്ല എന്ന് കാണാം. ആയതിനാൽ 25.10.2013 ലെ ഇതേ നമ്പർ സർക്കുലർ പ്രകാരം ആസ്തികൾ അപ്ഡേറ്റ് ചെയ്ത വിവരം അതാത് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പത്ത് ദിവസത്തിനകം ഈ ആഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവരുടെ പേരു വിവരം ഇനിയൊരറിയിപ്പ് കൂടാതെ തന്നെ സർക്കാരിലേയ്ക്കു റിപ്പോർട്ട് ചെയ്യുന്നതാണെന്നു അറിയിയ്ക്കുന്നു.

വിശ്വസ്തതയോടെ,

ചീഫ് എൻജിനീയർ